(സി) ഈ അനുപാതത്തിൽ നിയമിച്ചിട്ടില്ല.

(ഡി&ഇ) സംയോജിത ഗ്രഡേഷൻ ലിസ്റ്റ് പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ നിയമനങ്ങളുടെ കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. ലിസ്റ്റ് പൂർത്തിയായാലുടൻ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ സീമാറ്റ്-കേരള മുഖേന സമഗ്ര വിദ്യാഭ്യാസ പദ്ധതി

19(2926) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരള സർക്കാർ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിരുന്നുവോ ; സീമാറ്റ്-കേരള മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ?

ഉത്തരം

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേക്ക് ചാത്തന്നൂർ മണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ഉച്ചഭക്ഷണപദ്ധതി

20(2927) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി വിപുലീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിപുലീകരണവും പരിഷ്കരണവും സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിപുലീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ഒരു അദ്ധ്യയന വർഷം കൂട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നേരിട്ട് മൻകൂർ നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. മുൻകാലങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അരി, പയർ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണനശാലകളിൽനിന്നും പാൽ മിൽമയിൽ നിന്നുമാണ് വാങ്ങിയിരുന്നത്. കൂടാതെ പലവ്യഞ്ജനം, എണ്ണ, പച്ചക്കറി, വിറക് എന്നിവ വാങ്ങുന്നതിന് കുട്ടി ഒന്നിന് ഒരു രൂപ നിരക്കിൽ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേനയും തുക നൽകിവന്നിരുന്നു. മുട്ടയ്ക്ക് പ്രത്യേകമായും തുക നൽകിവന്നിരുന്നു. എന്നാൽ പരിഷ്കരിച്ച ഉത്തരവുപ്രകാരം അരി ബന്ധപ്പെട്ട മാവേലി സ്റ്റോർ മുഖേന നൽകുന്നതിനും പയർ, പാൽ, മുട്ട, പലവ്യഞ്ജനം, എണ്ണ, വിറക് എന്നിവ സ്കൂൾ തൂൺമീൽ കമ്മിറ്റിക്ക് പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പ്രാദേശികമായിത്തന്നെ വാങ്ങുന്നു.

(ബി) അരി ബന്ധപ്പെട്ട മാവേലിസ്റ്റോർ മുഖേന സ്കൂളുകൾക്ക് ലഭിക്കുന്നു. കുട്ടി ഒന്നിന് 5 രൂപ നിരക്കിൽ സ്കൂൾ പ്രഥമാദ്ധ്യാപകന് മൻകൂറായി നൽകുന്നുണ്ട്. പ്രാദേശിക സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് കുട്ടികൾക്ക് പോഷക സമൃദ്ധമായ ആഹാരം നൽകുവാൻ സ്കൂൾ തൂൺമീൽ കമ്മിറ്റിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കുട്ടികൾക്ക് ആവശ്യമായ അരി മൻകൂറായി മാവേലിസ്റ്റോറിൽനിന്നും ലഭിക്കുന്നതിന് ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇൻഡന്റ് പാസ്സാക്കി നൽകുന്നു. അരിയുടെ വില എഫ്.സി.ഐ.-ക്ക് നൽകുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മൻകൂറായി തുക അനുവദിക്കുന്നു. കടത്തുകൂലിയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനും തുക യഥാസമയം നൽകി വരുന്നുണ്ട്. കൂടാതെ സ്കൂൾ പാചകത്തിന് ആവശ്യമായ പലവ്യഞ്ജനം, പച്ചക്കറി, മുട്ട, പാൽ, വിറക് എന്നിവ വാങ്ങുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ആറ് മാസത്തേയ്ക്ക് ആവശ്യമായ തുക മൻകൂറായി സ്കൂൾ പ്രഥമാദ്ധ്യാപകന്റെ സ്കൂളിലെ അക്കൗണ്ടിലേയ്ക്ക് ഇ-ട്രാൻസ്ഫർ മുഖേന നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly